ടി ഉത്തരവിൻപ്രകാരം 30 ഏക്കർ ഭൂമി ലഭിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ഔപചാരിക അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ സ്ഥലം ഉടമകൾ റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ സർവ്വേ ജോലികൾ തടസ്സപ്പെടുത്തി. ഇതിന്മേലുള്ള തീരുമാനത്തിലേയ്ക്കായി പ്രസ്തുത വിഷയം 2011 മുതൽ താലൂക്ക് ലാൻഡ് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) ഈ സർക്കാർ പദ്ധതി നടത്തിപ്പിനായി 2011-12-ലെ വാർഷിക പദ്ധതിയിൽ 2.00 കോടി രൂപ വകയിരുത്തി കെ.എസ്.ഐ.ഡി.സി.-ക്ക് നല്കുകയും 2012-13-ലെ വാർഷിക പദ്ധതിയിൽ വീണ്ടും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിന് വിധേയമായിട്ടുമാത്രമേ സാധിക്കുകയുള്ളൂ. ഭൂമി കെ.എസ്.ഐ.ഡി.സി.യ്ക്ക് പാട്ടകരാർ വ്യവസ്ഥയിൽ ലഭ്യമായാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്മാർട്ട് അപ്പ് വില്ലേജ്

258 (607) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്മാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala-Legislative Assembly

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി. സറ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ കെ.എസ്.ഐ.ഡി.സി.-യുടെ പുതിയ ബിസിനസ് ഇൻക്യൂബേഷൻ സെന്റർ വിവിധ സ്ഥലങ്ങളിൽ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യുടെ ആദ്യത്തെ ബിസിനസ് ഇൻക്യൂബേറ്റർ കൊച്ചി കിൻഫ്രാ പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. 60-ഓളം വർക്ക് സ്റ്റേഷനുകൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, കെ.എസ്.ഐ.ഡി.സി. ഇൻകെൽ കോപ്ലക്സ് അങ്കമാലി, ഐ.ജി.സി. കോഴിക്കോട്, ലൈഫ് സയൻസ് ഇൻക്യൂബേറ്റർ തിരുവനന്തപുരം എന്നീ പുതിയ ഇൻക്യൂബേറ്ററുകൾ തുടങ്ങാൻ നടപടി എടുത്തിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് വിവിധ മേഖലകളിൽ ഉള്ള അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്ഥലവും സഹായവും ലഭ്യമാക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി.യുടെ കാക്കനാട് തുടങ്ങിയ ഇൻക്യൂബേഷൻ സെന്ററിൽ വർക്ക് സ്റ്റേഷൻ, കോൺഫറൻസ് റൂം, ഇന്റർനെറ്റ്, മുതലായ സൗകര്യങ്ങളും മെന്ററിംഗ് സപ്പോർട്ടും നൽകി വരുന്നു.

(സി&ഡി) പുതുസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററിൽ മിതമായ നിരക്കിൽ ഓഫീസ് സ്ഥലവും പ്രവർത്തന സൗകര്യങ്ങളും നൽകുന്നതാണ്. ഇതു കൂടാതെ, ഇൻക്യൂബേഷൻ സെന്ററിൽ പുതുസംരംഭകർക്കുവേണ്ടി മെൻഡറിംഗ് സപ്പോർട്ട് കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കുന്നതാണ്. ഇതോടൊപ്പം തന്നെ ഒരു സീഡ് ക്യാപിറ്റൽ ഫണ്ടിംഗിനായി ഒരു പ്രത്യേക പദ്ധതിയും തയ്യാറാക്കിക്കൊണ്ടിരിക്കുകാണ്.

കേരള അക്കാഡമി ഫോർ സ്കിൽ ഡെവലപ്മെന്റിന്റെ കെട്ടിട നിർമ്മാണം

259 (608) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്കാഡമി ഫോർ സ്കിൽ ഡവലപ്മെന്റ്, കൊല്ലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) സ്കിൽ ഡലവപ്മെന്റ് സെന്ററിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly